# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 619 — 08/08/2017-ൽ മറുപടിക്ക്

## വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി

| | ചോദ്യം<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, കെ.എം.ഷാജി**<br>**,, പി.ഉബൈദുള്ള**<br>**,, സി.മമ്മൂട്ടി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മൊത്തം ഉപഭോഗം 23,818 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഇതിൽ സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിച്ചത് 4,618 ദശലക്ഷം യൂണിറ്റ് ആണ്. ഇത് ആകെ ഉപഭോഗത്തിന്റെ 19 ശതമാനം മാത്രമായിരുന്നു.<br><br>2017 ജൂലൈ മാസത്തിൽ സംസ്ഥാനത്തെ മൊത്തം ഉപഭോഗം 1943 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഇതിൽ സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിച്ചത് 447.40 ദശലക്ഷം യൂണിറ്റ് ആണ്. ഇത് ആകെ ഉപഭോഗത്തിന്റെ 23 ശതമാനം മാത്രമായിരുന്നു. |
| (ബി) | വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | നിർമ്മാണം പുരോഗമിച്ചു വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് വഴി 165 മെഗാവാട്ട് അധികമായി ലഭിക്കും. കൂടാതെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൌരോർജ്ജം |

| | | | |
|---|---|---|---|
| | | | എന്നിവയിൽ നിന്നും 149.275 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നു.<br>വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ വ്യവസ്ഥകൾക്കു വിധേയമായി സ്വകാര്യമേഖലയിൽ അനുവദിച്ചുകൊണ്ട് സർക്കാർ ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട്ട് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പവർപ്ലാന്റ് കമ്മീഷൻ ചെയ്തു. സംസ്ഥാനത്ത് റൂഫ് ടോപ്പ് വൈദ്യുതോത്പാദനത്തിന് അനെർട്ട് മുഖാന്തിരം പ്രധാനമായും രണ്ട് സൌരോർജ്ജ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട്, ബാറ്ററി ശേഷിയോടുകൂടി വരുന്ന സോളാർ സ്മാർട്ടും പതിനായിരം സൗര മേൽക്കൂര പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 സ്ഥാപിത ശേഷിയും ബാറ്ററി ശേഷിയോടുകൂടിവരുന്ന പദ്ധതികളിലൂടെ 13.38 മെഗാവാട്ട് സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്. |
| (സി) | ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ദോഷം തട്ടാത്തതുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ